ധ്യാന പംക്തി.

കൊത്തിനേ ഞായറാഴ്ച

by Rev.Fr. Jose Daniel Paitel. USA., Malankara World Board Member

Gospel: St. John. 2: 1-11

വലിയ നോമ്പിന്റെ ആരംഭം കുറിയ്ക്കുന്ന ഞായറാഴ്ചയാണു് പേതൃത്താ ഞായർ. ഇന്നു് സന്ധ്യമുതൽ യഥാർഥത്തിൽ നോമ്പാരംഭിയ്ക്കുന്നതാണു്. എന്നാൽ ഇന്നു് പ്രാർത്ഥനയ്ക്കു ശേഷവും സന്ധ്യക്കുള്ള ഭക്ഷണത്തിൽ നോമ്പു് വേണമെന്നില്ല. എന്നാൽ നാളെ പ്രഭാതം മുതൽ നോമ്പിന്റെ ചിട്ടകൾ പാലി ച്ചിരിക്കണം. പാൽ, മുട്ട, മത്സ്യ മാംസാദികൾ അവയുടെ ഉപോല്പ്പന്നങ്ങൾ എന്നിവ ഭക്ഷണത്തിൽ നിന്നുമൊഴിവാക്കേണ്ടതാണു്. ഉച്ചവരെ ഉപവാസം നിർ ബ്ബന്ധമായും പാലിക്കണം. കഴിയുന്നവർ സന്ധ്യവരെയോ അല്ലെങ്കിൽ ഒമ്പതാം മണിവരെയോ ഉപവസിക്കണമെന്നതാണു് ഉപവാസത്തിന്റെ ചിട്ട. വിശുദ്ധ കുർബ്ബാന അനുവദിച്ചിട്ടുള്ള ശനി, ഞായർ ദിവസങ്ങളിൽ വിശുദ്ധ കുർബ്ബാന അവസാനിക്കുന്നതോടെ ഉപവാസം തീർക്കാവുന്നതാണു്.

ജീവിതചര്യകളിൽ നോമ്പിന്റെ വിശുദ്ധി നിർബ്ബന്ധമായും പാലിച്ചിരിക്കണം. ദുർമ്മാർഗ്ഗങ്ങൾ ഒഴിവാ ക്കിയും, മദ്യപാനം, പുകവലി എന്നിവ ഉപേക്ഷിച്ചും പകലഹശീലങ്ങൾ നീക്കിയും പ്രാർത്ഥനാ നിഷ്ഠ നിർബ്ബന്ധമാക്കിയും ഈ ദിവസങ്ങളിൽ വേർപെട്ട ജീവിതരീതി ശീലിക്കേണ്ടതാണു്. ഫലിത പ്രീയരും അശുദ്ധ സംസാരപ്രീയരും തങ്ങളുടെ നാവുകൾ നോമ്പിൽ നിയന്ത്രിക്കണം.വലിയ നോമ്പാണെന്നതു് പരസ്പരം ഓർമ്മിക്കണം.

മറ്റു ഭവനങ്ങൾ സന്ദർശിക്കുമ്പോൾ അവിടെയുള്ള ഭക്ഷണമേശയിൽ നോമ്പിന്റെ മര്യാദകൾ പാലിക്കണം. വിദ്യാർത്ഥികളും ഉദ്യോ ഗസ്ഥരും തങ്ങളുടെ ഭവനത്തിനു പുറത്തു് ഭക്ഷണം കഴിക്കേണ്ടിവരുന്നവരും നോമ്പിന്റെ രീതികൾ ശീലിക്കണം. വിവാഹിതർ ബ്രഹ്മചര്യം നിർബ്ബന്ധമാ ക്കിയും അവിവാഹിതർ അതിന്റെ വ്യതശുദ്ധി പാലിച്ചും ഈ ദിവസങ്ങളുടെ വിശു ദ്ധി പാലിക്കണം.

നോമ്പിന്റെ പ്രത്യേക പ്രാർത്ഥനകൾ നോമ്പു ദിവസങ്ങളിൽ ചൊല്ലിയിരി ക്കണം. ഒരു ദിവസം മൂന്നു പ്രാവശ്യമായിട്ടെങ്കിലും അതാതു യാമങ്ങളിലെ പ്രാർത്ഥനകൾ ചൊല്ലിയിരിക്കണം. ഞായർ അസ്തമിക്കുന്ന സന്ധ്യ മുതൽ വെള്ളി ഒമ്പതാം മണിവരെയാണു് നോമ്പിന്റെ പ്രത്യേക പ്രാർഥനകൾ ചൊല്ലേണ്ടതു്. വെള്ളിയാഴ്ച അസ്തമിക്കുന്ന സന്ധ്യ മുതൽ ഞായറാഴ്ച ഒമ്പതാംമണി നമസ്ക്കാരം വരെ സാധാരണ നമസ്ക്കാരം ചൊല്ലിയാൽ മതിയാകും. ശയന

നമസ്ക്കാരം എല്ലാ  ദിവസവും ഒരുപോലെ ചൊല്ലണം.ഉച്ച നമസ്ക്കാരം അവസാനിക്കുമ്പോൾ നാല്പ്പതു് കുമ്പിട്ടു്  പ്രാർത്ഥനകൾ പൂർത്തിയാക്കണം. നമ്മുടെ സെമിനാരിയിൽ നിന്നും  പ്രസിദ്ധീകരിച്ചിട്ടുള്ള നിത്യപ്രാർഥനാക്രമം അനുസരിച്ചുള്ള പ്രാർഥനകൾ  എല്ലാഭവനങ്ങളിലും ശീലമാക്കണം. രാത്രിയും പ്രഭാതവും മൂന്നാം മണിയും പ്രാർത്ഥനകൾ  പ്രഭാതത്തിലും മദ്ധ്യാഹ്നവും ഒമ്പതാം മണിയും പ്രാർത്ഥനകൾ ഉച്ചയ്ക്കും സന്ധ്യയും  സൂത്താറായും യാമ പ്രാർത്ഥനകളും ശയനനമസ്കാരവും സന്ധ്യയ്ക്കും ചൊല്ലേണ്ടതാണു്. എല്ലാ കൗമോപ്രാർഥനകളിലും രണ്ടു കൈകളിലേയുംവിരലുകൾ മടക്കി നിലത്തു മുട്ടിച്ചു് കാൽ മുട്ടുകൾ  മടക്കി നിലത്തു് കുത്തി നെറ്റി മുട്ടിച്ചു് മൂന്നു തവണ വീതം കുമ്പിടേ ണ്ടതാണു്.

എല്ലാ ഞായറാഴ്ചകളിലും വിശുദ്ധകുർബ്ബാനയിൽ സംബന്ധിക്കു കയും നോമ്പിൽ രണ്ടു്  തവണയെങ്കിലും സത്യകുമ്പസ്സാരം നടത്തി വിശുദ്ധ കുർബ്ബാന അനുഭവിക്കുകയും ചെയ്യണം.

കൊത്തിനേ ഞായറാഴ്ചയിലെ ഏവൻഗേലിയോൻ വായന കൊത്തിനേ നഗരത്തിലെ വിവാഹ വിരുന്നിൽ വച്ചു് കർത്താവു് ഇദം പ്രഥമമായി പ്രവൃത്തിച്ച അത്ഭുതത്തേക്കുറിച്ചാണു്.

കാനാവിലെ ഭവനത്തിൽ വെള്ളം വീഞ്ഞാക്കിയ അത്ഭുതപ്രവൃത്തിയുടെ വിശദാംശങ്ങൾ ഏവർക്കും പ്രസ്പഷ്ടമാണു്. ഒരത്ഭുത ത്തിന്നനിവാര്യമായതു് അതിനാവശ്യമുള്ള വ്യക്തിയുടെ സാന്നിദ്ധ്യമാണു്, പ്രാർത്ഥനയാണു്. ഇവിടെ അങ്ങനെയൊരാളില്ല, നേരിട്ടൊരു പ്രാർത്ഥനയുമില്ല. പക്ഷേ അവരുടെ കുറവു് കന്യകമറിയാം  തന്റെ പുത്രനോടറിയിക്കുന്നതാണു് ഈ ത്ഭുതത്തിന്നാധാരമായ സന്ദർഭം. “ഇവർക്കു് വീഞ്ഞില്ല”

കന്യകമറിയാമിനേ സംബന്ധിച്ചിടത്തോളം യേശു ദൈവപുത്രനാകയാൽ ഈ പ്രതിസന്ധി തരണം ചെയ്യാൻ  തനിക്കു് മതിയായ ഉപാധികളുണ്ടെന്നുള്ളതാണു് അവളുടെ ഉറപ്പു്. വീഞ്ഞിരുന്ന പാത്രം നിറഞ്ഞു  കവിയുന്നതു് ഒരത്ഭുതത്തിന്നുള്ള സാദ്ധ്യതയാണു്. ഏലീയായും ഏലീശായും അപ്രകാരം കലത്തിലെ  മാവും തുരുത്തിയിലെ എണ്ണയും വർദ്ധിപ്പിച്ചിട്ടുണ്ടു്. അതറിയുന്ന അമ്മ ഇതൊരു സാദ്ധ്യതയായിക്കണ്ടി  ട്ടുണ്ടാവാം.

എന്നാൽ കർത്താവിനെ സംബന്ധിച്ചു് തന്റെ മനുഷ്യാവതാരത്തിന്റെ പരമമായ

ലക്ഷ്യമാണു് എല്ലാ അത്ഭുതങ്ങളുടേയും മർമ്മം. താൻ സാത്താനോടുള്ള പോരാട്ടത്തിനൊരുങ്ങുന്ന വീരനാം രാജാവാണു്. ഒരത്ഭുതപ്രവൃത്തകനാകുക എന്നതല്ല തന്റെ ലക്ഷ്യം. എന്റെ സമയം ഇതുവരെ വന്നിട്ടില്ല എന്നാൽ ഒരത്ഭുതം പ്രവൃത്തിക്കാൻ തക്കസമയം ആയിട്ടില്ല എന്നു് വ്യാഖ്യാനിച്ചാൽ മശിഹായുടെ ദൈവത്വ ത്തിന്നു് പരിമിതിയുണ്ടെന്നു് വരും. താൻ പൂർണ്ണദൈവമാണു്. തനിക്കു് മനുഷ്യ രക്ഷാർത്ഥം എന്തും പ്രവൃത്തിക്കുവാനുള്ള അധികാരം നല്കപ്പെട്ടിട്ടുണ്ടു്. തന്റെ സമയപരിമിതി എന്തെന്നാൽ, സാത്താന്റെ ദൃഷ്ടിപരിധിയിൽ താൻ ശ്രദ്ധിയ്ക്ക പ്പെട്ടിട്ടില്ല എന്നതാണു്. താൻ യുദ്ധം ചെയ്യേണ്ട ശത്രു ഉണർന്നിട്ടില്ല. അവൻ തയ്യാറായിട്ടില്ല. സാത്താൻ പോരാട്ടം ആരംഭിയ്ക്കുമ്പോൾ ആ പോരാട്ടത്തിൽ അവനെ പരാജിതനാക്കുകയാണു് കർത്താവിന്റെ ലക്ഷ്യം. താനൊരു സൃഷ്ടി നടത്തി എന്നവനെ ബോദ്ധ്യപ്പെടുത്തിയാൽ പിന്നെ സാത്താൻ നസ്രായനായ യേശുവിനെ ലക്ഷ്യം വച്ചു തുടങ്ങും.

ഒരു സാധാരണ യഹൂദന്റെ വിവാഹവിരുന്നിൽ സംബന്ധിക്കുവാൻ അനുവദിക്ക പ്പെട്ടിരിക്കുന്ന അതിഥികൾ മണവാളന്റേയും മണവാട്ടിയുടേയും കൂട്ടത്തിൽനിന്നും ഒമ്പതു് പേർ വീതമാണു്. ആകെ പതിനെട്ടു് പേർ. ശേഖരിച്ചിരിക്കുന്ന വീഞ്ഞു് അവർക്കു് തികയുകയില്ല എന്നു് കന്യകമറിയാമിനു് അറിയാൻ കഴിഞ്ഞതാണു് ഈ അത്ഭുതത്തിലെ ദൈവീകവശം. ഈ അത്ഭുതത്തിന്റെ പ്രത്യേകത വീഞ്ഞി ന്റെ സമൃദ്ധിയാണു്.

ഈ ഭവനത്തിൽ ഒരത്ഭുതത്തിന്റെ ആവശ്യമുണ്ടെന്ന മാതാ വിന്റെ അപേക്ഷ കർത്താവിനെ സംബന്ധിച്ചിടത്തോളം യുദ്ധകാഹളധ്വനി മുഴക്കലാണു്. (3x6) 18 പറ വെള്ളം വീഞ്ഞാക്കുന്ന ഒരത്ഭുതം മാത്രമല്ല കർത്താവു് ചെയ്തതു്. ഒന്നുമില്ല്ലായ്മയിൽനിന്നും താൻ എങ്ങനെ ഉത്ഭൂതനായോ അപ്രകാരം 18 പറ വീഞ്ഞിന്റെ സൃഷ്ടി നടത്തിക്കൊണ്ടു് താൻ സൃഷ്ടാവാണെന്നു ലോക ത്തെ ബോധ്യപ്പെടുത്തുകയും സാത്താനെ വിളിച്ചറിയിക്കുകയുമായിരുന്നു. ശുദ്ധീകരണത്തിനു് വെള്ളം ശേഖരിക്കുന്ന ആ കലങ്ങൾ ഒഴിഞ്ഞതായിരുന്നു.

ഈ അത്ഭുതത്തിന്നു് സാക്ഷികൾ വെള്ളം കോരിയൊഴിച്ച ദാസന്മാർ മാത്രമാണു് അതിനുള്ളിൽ വെള്ളം കോരിയൊഴിച്ച വേലക്കാർ കലത്തിനുള്ളിൽ ഒരത്ഭുതം നടന്നതു് അറിഞ്ഞില്ല. വെള്ളം വീഞ്ഞാകുമ്പോൾ ഉണ്ടാകേണ്ട സുഗന്ധം കൊണ്ടല്ല അവർ അതു് തിരിച്ചറിഞ്ഞതു്. “ഇനിയും കോരി വിരുന്നു വാഴിക്കു് കൊടുക്കുക” എന്ന കല്പ്പനയിൽ നിന്നുമാണു് അവർ കോരിയൊഴിച്ച വെള്ളം വീഞ്ഞായിത്തീർന്ന രഹസ്യം അവർ അറിഞ്ഞതു്.

ഇവിടുത്തെ സാക്ഷികൾ അവരാണ്. വെള്ളം വീഞ്ഞിന്റെ ദ്രവാവസ്ഥ നിലനിർത്താനുള്ള ഒരു ഘടകം മാത്രമാണ്. വെള്ളം മറ്റൊരു സ്വാധീനവും കൂടാതെ വീഞ്ഞായി മാറുമ്പോൾ അതിനുള്ളിൽ ചേരേണ്ടതെല്ലാം ദൈവീക ഇടപെടലിലൂടെയാണ് സമജ്ജസ മായി വന്നുചേരുന്നതു്. അത്ഭുതം വെറും മായാക്കാഴ്ചയല്ല. വീഞ്ഞ് രുചിച്ചവർക്ക് അതു് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

മശിഹായുടെ മനുഷ്യാവതാരമർമ്മവും ഇപ്രകാരം തന്നെ. കന്യകമറിയാം തനിക്കു് ലോകത്തിലേക്ക് ഇറങ്ങി വരുവാനുള്ള വാതിലും മശിഹാ നമുക്കു് സ്വർഗ്ഗത്തിലേക്ക് കടക്കുവാനുള്ള ഗോവേണിയും ആകുന്നതിൽ ഈ സ്വർഗ്ഗീയമർമ്മം അന്തർലീനമായിരിക്കുന്നു. അതു് എപ്രകാരമെന്നതാണ് നാം ഈ അത്ഭുതത്തിലൂടെ പഠിക്കുന്നതു്.

നമ്മുടെ ജീവിതത്തിൽ ഈ വിധ അത്ഭുതങ്ങൾ ദിനേന സംഭവിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ നാം അതറിയുന്നില്ല. നാം ആസ്വദിക്കുന്നതൊന്നും തന്നെ നമ്മുടെ അദ്ധ്വാനഫലമല്ല. പിന്നെയോ ദൈവം തരുന്ന അത്ഭുതദാനമാണ് നമ്മുടെ ജീവിതത്തിലെ ചെറുതും വലുതുമായതെല്ലാം. പക്ഷേ ഇതു് തിരിച്ചറിയാൻ നമുക്കു് കഴിയുന്നില്ല. അതു് നമ്മുടെ പരാജയമാണെന്നു് ഏറ്റുപറയാനും നമുക്കു് കഴിയു ന്നില്ല. കാരണം മശിഹാ ദൈവമായി നമ്മിൽ ഉരുവായിട്ടില്ല.

കന്യകയ്ക്കു് അതു് സാധിച്ചതിന്റെ കാരണം അവൾക്കറിയാം അവളിൽ ഉരുവായതു് മശിഹായാണ്. അവൻ ദൈവമാണ് അവൻ എന്റേയും ദൈവമാണ്. എന്റേയും രക്ഷിതാവാണ്. ഒരു നോമ്പ് കാലത്തിന് തയ്യാറെടുക്കുമ്പോൾ ഈ ചിന്ത നമ്മിൽ രൂപാന്തരങ്ങളു ണ്ടാക്കട്ടെ എന്നാശംസിക്കുന്നു